I.ഇ.ബി. XII-കേരള നിയമസഭ/III-1

**പന്ത്രണ്ടാം കേരള നിയമസഭ**

മൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2006 ഡിസംബർ 27, ബുധൻ

പന്ത്രണ്ടാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം 2006 ഡിസംബർ മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**അടിയന്തിര പ്രമേയനോട്ടീസ്.**

പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ ഭരണ സമിതി പിരിച്ചുവിട്ടതു സംബന്ധിച്ച്

മി.സ്പീക്കർ: പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ ഭരണ സമിതി പിരിച്ചുവിട്ടതു സംബന്ധിച്ച് റൂൾ 50 അനുസരിച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ട് ശ്രീ. കെ. സുധാകരൻ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ അടിയന്തിര പ്രമേയമായി ചർച്ച ചെയ്യേണ്ടതില്ല എന്നാണ് ചെയർ കരുതുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ.ഉമ്മൻചാണ്ടി): കോടതിയുടെ പരിഗണന യിലിരുന്ന എസ്.എൻ.സി. ലാവ്‌ലിൻ, പാമോലിൻ തുടങ്ങിയ കേസുകൾ മുൻപ് സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. ഇക്കാര്യം മാത്രം ചർച്ച ചെയ്യേണ്ടതില്ല എന്ന ഗവൺമെന്റിന്റെ സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

കോടതി തീരുമാനത്തെ ബാധിക്കുന്നതരത്തിൽ ചർച്ച കടന്നുപോകരുതെന്നു മാത്രമേയുള്ളൂ. നിലവിലുള്ള ചട്ടങ്ങൾ ലംഘിച്ച് നിയമവിരുദ്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഓർഡറിനെക്കുറിച്ചാണ് ശ്രീ. കെ. സുധാകരൻ നോട്ടീസ് നൽകിയിട്ടുള്ളത്. അതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. ഇക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ നിലപാട് മാറ്റി അനുകൂല സമീപനം സ്വീകരിക്കണം.

<u>ശ്രീ.കെ.എം.മാണി</u>: പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഭരണസമിതിയുടെ നിയമപ്രശ്നമാണ് കോടതിയുടെ പരിഗണനയിലുള്ളത്. 1995–ൽ നിലവിൽ വന്ന ഭരണസമിതി 1997–ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പിരിച്ചുവിടുകയും 2001–ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വീണ്ടും നിലവിൽവരികയും ചെയ്തു. ശ്രീ.എം.വി. രാഘവൻ ചെയർമാനായിട്ടുള്ള പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഭരണസമിതി രാഷ്ട്രീയപ്രേരിതമായി ഇപ്പോൾ വീണ്ടും പിരിച്ചുവിട്ടിരിക്കുന്നു. ഇതു സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ.എം.വിജയകുമാർ)</u>: ഈ വിഷയത്തിൽ നിയമസഭയുടെയും സ്പീക്കറുടെയും നിലപാടാണ് എടുത്തിട്ടുള്ളത്;. ഗവൺമെന്റ് നിലപാടല്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചത്. വിഷയത്തിന്റെ പ്രത്യേകതയും സ്വഭാവവും വച്ചുകൊണ്ട് ചർച്ച ചെയ്തിട്ടുള്ളത് കോടതി നടപടികളെ ബാധിക്കാത്ത വിധത്തിലാണ്. കോടതിയുടെ സജീവ പരിഗണനയിലിരിക്കുന്നതും ഇന്നലെ ഹൈക്കോടതി

ചർച്ചയ്ക്ക് എടുത്തതുമായ വിഷയത്തെക്കുറിച്ച് സഭയിൽ ചർച്ച ചെയ്യുന്നത് സബ്ജുഡിസ് ആണ്. അതുകൊണ്ട് ഇക്കാര്യത്തിൽ തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കാൻ പാടില്ല എന്നതാണ് ഗവൺമെന്റ് നിലപാട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): പൊതു പ്രാധാന്യമുള്ള വിഷയങ്ങൾ ചട്ടങ്ങൾ അനുസരിച്ച് സഭയിൽ ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് ഒരുകാലത്തും എതിരല്ല. റൂൾ 50 അനുസരിച്ച് അനുവർത്തിക്കേണ്ട നടപടികൾ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഹൈക്കോടതിയുടെ നോട്ടീസിന് ഗവൺമെന്റ് മറുപടി നൽകാനിരിക്കുന്ന അവസരത്തിൽ അതുസംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യുന്നത് ശരിയല്ല. പ്രതിപക്ഷനേതാവ് തന്നെ ഇക്കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കണം. പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ് മുൻകാലങ്ങളിൽ ഇതുപോലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുള്ളത്.

ശ്രീ.കെ.സി. ജോസഫ്: പന്ത്രണ്ടാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ സ്വാശ്രയ ബില്ലിനെ സംബന്ധിച്ച വിഷയം സഭ ചർച്ച ചെയ്യുമ്പോൾ അതു സംബന്ധിച്ച കേസ് ഹൈക്കോടതിയുടെ പരിഗണന യിലുണ്ടായിരുന്നു. പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഭരണ സമിതിയുടെ വിഷയം വന്നപ്പോൾ സ്പീക്കറാണ് തീരുമാനി ക്കേണ്ടതെന്ന് നിയമ വകുപ്പുമന്ത്രി പറഞ്ഞത് ശരിയല്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ വിഷയം ചർച്ച ചെയ്യുന്നതിന് ഗവൺമെന്റിനു തർക്കമില്ലായെന്നും സഭയുടേയും സ്പീക്കറുടേയും തീരുമാനത്തിനനുസരിച്ചാണ് ഇത് മാറുന്നതെന്നും കീഴ്‌വഴക്കങ്ങളുടെ അടിസ്ഥാനത്തിൽ സ്പീക്കർ മാത്രമാണ് ഇനി അനുവദിക്കേണ്ടതെന്നുമാണ്

നിയമ വകുപ്പുമന്ത്രി പറഞ്ഞത്. അതുകൊണ്ട് നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് റൂൾ 50 പ്രകാരം ഈ വിഷയം ചർച്ച ചെയ്യുന്നതിന് സ്പീക്കർ അനുവാദം നൽകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): ഗവൺമെന്റ് അംഗീകരിച്ചു എന്നല്ല പറഞ്ഞത്. നിയമസഭയാണ് അംഗീകരിക്കേണ്ടത്. .ചട്ടപ്രകാരം ഇത് അംഗീകരിക്കണമോ വേണ്ടയോ എന്നുള്ളത് സ്പീക്കർ തീരുമാനിക്കണം

ശ്രീ. കെ. സുധാകരൻ: ഇതുപോലുള്ള പ്രശ്നങ്ങൾ നിയമസഭ ചർച്ച ചെയ്തിട്ടുള്ള കഴിഞ്ഞകാല കീഴ്വഴക്കങ്ങൾ പരിശോധിച്ച് ഇപ്പോൾ നോട്ടീസ് നൽകിയ ഈ അടിയന്തിര പ്രമേയവും ചർച്ച ചെയ്യാൻ നടപടി സ്വീകരിക്കണം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ബഹുമാനപ്പെട്ട നിയമ വകുപ്പു മന്ത്രി സ്പീക്കറായിരിക്കുമ്പോൾ ഇതുപോലുള്ള കാര്യങ്ങൾ ചർച്ച ചെയ്ത കീഴ്വഴക്കങ്ങളുണ്ട്. നിയമങ്ങൾപോലെ കീഴ്വഴക്കങ്ങൾക്കും പ്രാധാന്യമുണ്ട്.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): പരിണതപ്രജ്ഞരായ മന്ത്രിമാർ ഗവൺമെന്റിനുവേണ്ടി വ്യക്തമാക്കിയ കാര്യങ്ങളോട് യോജിക്കുന്നു.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും മറുപടിയുടെ അടിസ്ഥാനത്തിലും കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയമായതുകൊണ്ടും അടിയന്തിരപ്രമേയാവതരണത്തിന് ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോവുകയും അൽപസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങൾ തികച്ചും ഗൗരവമുള്ളതും സഭാരേഖയിൽ വരുന്നതുമാണ്. ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി സംസാരിച്ച് പരസ്പരധാരണ ഉണ്ടാക്കിയത്. സ്പീക്കറുടെ അഭിപ്രായം ആരാഞ്ഞശേഷമാണ് ചോദ്യോത്തരവേള ഒഴിവാക്കാൻ തീരുമാനിച്ചത്. ശൂന്യവേള ഒഴിവാക്കാൻ പറ്റാത്ത കാര്യമാണ്. ശൂന്യവേളയിലാണ് അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നത്. സബ്മിഷന്റെയും ശ്രദ്ധക്ഷണി ക്കലിന്റെയും കാര്യം സ്പീക്കറാണ് തീരുമാനിക്കേണ്ടത്. ഇതിനെ സംബന്ധിച്ച മെസ്സേജ് സ്പീക്കർക്കു കിട്ടിയില്ലായെന്നു പറയുന്നതിനെ ക്കുറിച്ച് വ്യക്തത ഉണ്ടാകണം. സഭയെ തെറ്റിദ്ധരിപ്പിക്കാൻ ഇടയാകരുത്.

മി.സ്പീക്കർ: കമ്മ്യൂണിക്കേഷൻ ഗ്യാപ് ഉണ്ടായിട്ടില്ല. കർഷക കടാശ്വാസ കമ്മീഷൻ ബിൽ ചർച്ച ചെയ്യാൻ വേണ്ടി ചുരുങ്ങിയ ദിവസം മാത്രമാണ് സഭ ചേരുന്നത് എന്നുള്ളതുകൊണ്ടാണ് ചോദ്യോത്തരവേള ഒഴിവാക്കാൻ തീരുമാനിച്ചത്. ശൂന്യവേള വേണമെന്ന് തീരുമാനിച്ചിരുന്നു. ശ്രദ്ധക്ഷണിക്കൽ ഒഴിവാക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും അത് ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**ശ്രദ്ധക്ഷണിക്കൽ**

(1) <u>കൊച്ചി നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനം</u>

<u>പ്രൊഫ.കെ.വി.തോമസ്</u>: കൊച്ചി നഗരത്തിൽ കഴിഞ്ഞ കുറേ മാസങ്ങളായി മാലിന്യ കൂമ്പാരങ്ങൾമൂലം ജനങ്ങൾക്ക് ജീവിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി 26-12-2006-ന് എറണാകുളം ജില്ലയിലെ ടൂറിസം പ്രോജക്ടുകളെ സംബന്ധിച്ച റിവ്യൂ നടത്തിയ സന്ദർഭത്തിൽ ജനപ്രതിനിധികളും പത്രപ്രവർത്തകരും ഉന്നയിച്ച പ്രധാന പ്രശ്നം മാലിന്യനിർമ്മാർജ്ജനം ആയിരുന്നു. പല പ്രാവശ്യം സഭയിലും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി മുമ്പാകെയും ഈ പ്രശ്നം അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ്. വീടുകളിൽ നിന്നുപോലും മാലിന്യം നീക്കം ചെയ്യുന്ന കാര്യത്തിൽ കോർപ്പറേഷൻ പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായ താല്പര്യമെടുത്ത് ജില്ലാ അഡ്മിനിസ്ട്രേഷന് ഉത്തരവ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ രണ്ട് ദിവസം മാലിന്യം നിർമ്മാർജ്ജനം ചെയ്യുകയുണ്ടായി. കൊച്ചി മാത്രമല്ല, കേരളം മുഴുവൻ ഇന്ന് മാലിന്യ കൂമ്പാരത്തിൽ ചീഞ്ഞുനാറുന്ന സാഹചര്യമാണ്. ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടില്ലെങ്കിൽ ടൂറിസം വികസനത്തെയും ജനജീവിതത്തെയും ഇത് സാരമായി ബാധിക്കുമെന്നതിനാൽ "ക്ലീൻ കേരള പദ്ധതി" പ്രോജക്ട് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം. കൊച്ചി നഗരത്തെ സംബന്ധിച്ചിടത്തോളം തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൃത്യമായ വിവരം സർക്കാരിന് നൽകിയിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ മുൻകൈയെടുത്ത് പരിഹാര

മുണ്ടാക്കണം. വീടുകളിൽനിന്നും മാലിന്യങ്ങൾ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി നീക്കം ചെയ്തിട്ടില്ല. റോഡിൽ കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ അവിടെയിട്ട്തന്നെ കത്തിക്കുന്നത് വലിയ പ്രശ്നമായി മാറി യിരിക്കുന്നു. ഇക്കാര്യത്തിൽ മന്ത്രി നേരിട്ട് ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണം. ഇതു സംബന്ധിച്ച കോർപ്പറേഷന്റെ ഒരു നടപടിയും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. മാലിന്യങ്ങൾ കുഴികളിൽ ഇട്ടശേഷം മണ്ണിട്ടുമൂടുന്നില്ല. കൊച്ചി കോർപ്പറേഷനിൽ നടക്കുന്ന വൻ അഴിമതി അന്വേഷണ വിധേയമാക്കണം. വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്ത് കൊച്ചി നഗരത്തെ മാലിന്യ വിമുക്ത മാക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> കൊച്ചി നഗരത്തിലെ മാലിന്യങ്ങൾ കൊച്ചി പോർട്ട് ട്രസ്റ്റ് വക സ്ഥലത്താണ് നിക്ഷേപിച്ചിരുന്നത്. ഇതിനായി ഇൻഡ്യൻ നേവി നൽകിയിരുന്ന അനുമതി 30-11-2006-ൽ അവസാനിച്ചതിനെത്തുടർന്ന് ഓംബുഡ്സ്മാന്റെ നിർദ്ദേശമനുസരിച്ച് ബ്രഹ്മപുരത്തെ പ്ലാന്റിന്റെ പ്രവർത്തനം സജ്ജമാകുന്നതുവരെ മാലിന്യങ്ങൾ താല്ക്കാലികമായി സംസ്ഥാനത്തിനുപുറത്ത് കൊണ്ടുപോയി സംസ്ക്കരിക്കുന്നതിന് 1-12-2006 മുതൽ നടപടി സ്വീകരിക്കുകയുണ്ടായി. എന്നാൽ കോൺട്രാക്ട് എടുത്ത കരാറുകാരന് മുഴുവൻ മാലിന്യങ്ങളും യഥാസമയം നീക്കം ചെയ്യാൻ കഴിയാതെ വന്നതിനാൽ അവശേഷിച്ച മാലിന്യങ്ങൾ നഗരസഭയുടെ വക സ്ഥലങ്ങളിൽ കുഴികൾ കുഴിച്ച് സംസ്ക്കരിക്കുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ മുനിസിപ്പാലിറ്റി ആക്റ്റ് 15(4) പ്രകാരം കാര്യശേഷിയുള്ള മറ്റൊരാളെക്കൊണ്ട് താല്ക്കാലികമായി ഈ പ്രവൃത്തി ചെയ്യിക്കാൻ കൊച്ചി

മേയർ തീരുമാനിക്കുകയും സ്റ്റിയറിംഗ് കമ്മിറ്റിയും കൗൺസിലും അതിന് അംഗീകാരം നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ ജില്ലാകളക്ടർ വളരെ സഹായകരമായ നിലപാട് സ്വീകരിക്കുകയുണ്ടായി. പുതിയ സംവിധാനം നിലവിൽ വന്നശേഷം മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വേഗത കൂടിയിട്ടുണ്ട്. അവശേഷിക്കുന്ന മാലിന്യങ്ങൾ രണ്ട് ദിവസത്തിനുള്ളിൽ നീക്കം ചെയ്യുന്നതോടെ അതാതു ദിവസത്തെ മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ സാധിക്കും. കാര്യശേഷിയുള്ള കരാറുകാരനെ കണ്ടെത്തുന്നതിനായി ടെന്റർ വിളിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൊച്ചി നഗരത്തിൽ മാലിന്യ നിർമ്മാർജ്ജന രംഗത്ത് ഇപ്പോൾ നിശ്ചലാവസ്ഥ നിലവിലില്ല. ധനകാര്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും എഫ്.എ.സി.ടി. മാനേജുമെന്റുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ഏലൂർ പ്രദേശത്ത് മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള അനുവാദം ലഭിച്ചുവെങ്കിലും അവിടെയുള്ള തൊഴിലാളി സംഘടനകൾ എതിർത്തതിനാൽ തൽക്കാലം അത് വിജയിച്ചിട്ടില്ല. എങ്കിലും അവരുമായി സർക്കാർ ചർച്ച നടത്തിവരികയാണ്. കൊച്ചി നഗരസഭാ ജീവനക്കാരുടേയും ഉദ്യോഗസ്ഥരുടേയും പ്രവർത്തനത്തിൽ വേണ്ടത്ര ജാഗ്രതയില്ല എന്ന സ്ഥിതി വന്നിരുന്നു. സർക്കാർ തക്ക സമയത്ത് ഇടപെട്ട് പ്രശ്ന പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാരം കാണുന്നതാണ്.

(2) <u>സംസ്ഥാനത്തെ ക്രമസമാധാനം തകർക്കുന്ന ആസൂത്രിത നീക്കങ്ങൾ തടയേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ.ബി.ഡി. ദേവസ്സി</u>: സംസ്ഥാനത്ത് പൊതുവേയും തൃശൂർ ജില്ലയിൽ പ്രത്യേകിച്ചും ജനങ്ങളുടെ സ്വൈരജീവിതം തകർക്കാനുള്ള ആസൂത്രിതമായ

കൊലപാതകങ്ങളും അക്രമങ്ങളും ആർ.എസ്.എസ്–ബി.ജെ.പി. നേതൃത്വം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന് ഒത്താശ ചെയ്യുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ തൃശൂർ ജില്ലയിൽ മാത്രം സി.പി.ഐ. (എം).-ന്റെ 5 പ്രവർത്തകരെയാണ് ഇത്തര ത്തിൽ കൊല ചെയ്തിട്ടുള്ളത്. ഇതിൽ 4 പേരെ ആർ.എസ്.എസ്–ബി.ജെ.പി. സംഘവും ഒരാളെ യു.ഡി.എഫ്–മുസ്ലീം ലീഗ് സംഘവുമാണ് കൊലപ്പെടുത്തിയത്. വീട്ടിൽ കിടന്നുറങ്ങുന്നവരേയും ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരേയുമാണ് കൊലപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. വീട്ടിനുള്ളിൽ വച്ച് ഭാര്യയെ വെട്ടി പരിക്കേൽപ്പിച്ചതിനുശേഷം അവരുടെ ഭർത്താവായ രാജുവിനെയും ആശുപത്രിയിൽ കാലിന് പരിക്കുപറ്റി ഓപ്പറേഷൻ ചെയ്ത് കിടന്നിരുന്ന മാഹീനെയും അതിക്രൂരമായി കൊലപ്പെടു ത്തുകയുണ്ടായി. മാഹീന്റെ ഭാര്യയും പിഞ്ചുകുട്ടികളും മാതാപിതാക്കളും അനാഥരായിരിക്കുകയാണ്. അതിനുശേഷം 3 ദിവസം കഴിഞ്ഞപ്പോൾ ഈ അക്രമസംഘം ചാലക്കുടിയിലെ എ.കെ.ജി. സ്മാരക വായനശാല തീയിട്ട് നശിപ്പിച്ചു. എട്ടോളം സ്ഥലങ്ങളിൽ സി.പി.ഐ.(എം).-ന്റെ കൊടികളും സ്തൂപങ്ങളും തകർക്കുകയുണ്ടായി. ജില്ലയിലെ തീരദേശമേഖലയിൽ ആർ.എസ്.എസ്.–ബി.ജെ.പി. സംഘങ്ങൾ അക്രമപരമ്പരകൾ അഴിച്ചുവിട്ടു കൊണ്ടിരിക്കുകയാണ്. കൊടുങ്ങല്ലൂരിലെ ഒരു ക്ഷേത്രം കേന്ദ്രീകരിച്ചാണ് ഈ ആക്രമണങ്ങളെല്ലാം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഡി.വൈ.എഫ്.ഐ. സെക്രട്ടറി, ലോക്കൽ കമ്മിറ്റി മെമ്പർമാർ, പാർട്ടി അസിസ്റ്റന്റ് സെക്രട്ടറി, ലോക്കൽ കമ്മിറ്റി സെക്രട്ടറി ഇവർക്കു നേരെ നിരന്തരമായ ആക്രമണങ്ങൾ അഴിച്ചുവിടുകയും ഇവരെ വളരെ ആസൂത്രിതമായി വകവരുത്താൻ ശ്രമിക്കുകയുമാണ്. വോട്ടുകച്ചവടവും അഴിമതിയും നടത്തി

ചേരിപ്പോരുമൂലം വളരെ പരിഹാസ്യമായിരിക്കുന്ന ആർ.എസ്.എസ്.–ബിജെ.പി. സംഘം സംസ്ഥാനത്ത് സമാധാനാന്തരീക്ഷം തകർക്കുന്നതിന് ബോധപൂർവ്വം ശ്രമം നടത്തുന്നതിന് യു.ഡി.എഫ് എല്ലാ ഒത്താശയും ചെയ്യുകയാണ്. ആശുപത്രിയിൽ കയറി വെട്ടിക്കൊല പ്പെടുത്തുക, വീട്ടിൽ ഉറങ്ങിക്കിടക്കുന്നവരെ വെട്ടി പരിക്കേൽപ്പിക്കുക തുടങ്ങിയ സംഭവങ്ങളെ യു.ഡി.എഫ്. അപലപിക്കുന്നില്ല. തൃശൂർ ജില്ലയിൽ കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്–നുണ്ടായ ചരിത്രപരമായ വിജയത്തിൽ അങ്കലാപ്പുള്ള യു.ഡി.എഫ്. എല്ലാ സഹായവും ബി.ജെ.പി.ക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്. നിയമ നടപടികൾക്കൊപ്പം സമാധാന പ്രേമികളായ ആളുകളേയും കൂടി സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് സമാധാനാന്തരീക്ഷം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ.കോടിയേരി ബാലകൃഷ്ണൻ):</u> തൃശൂർ ജില്ലയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നടന്ന 5 കൊലപാതകങ്ങളിൽ 3 എണ്ണം നടന്നത് 7 മാസത്തിനുമുമ്പാണ്. 2 സംഭവങ്ങളാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം നടന്നിട്ടുള്ളത്. ഇതു സംബന്ധിച്ച് ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സി.പി.ഐ.( എം) പ്രവർത്തകനായ രാജുവിനെ കൊലപ്പെടുത്തിയ കേസിൽ 6 പേരേയും മാഹീനെ കൊലപ്പെടുത്തിയ കേസിൽ 3 പേരേയും ബി.ജെ.പി. പ്രവർത്തകനായ സുജിത്ത് കൊലചെയ്യപ്പെട്ട സംഭവത്തിൽ 4 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. സംഭവങ്ങളെ വളരെ ഗൗരവതരമായിട്ടാണ് ഗവൺമെന്റ് കണ്ടത്. സംഭവം ഉണ്ടായ ഉടൻതന്നെ ജില്ലാ പോലീസ് അധികാരികളുമായും ഉന്നത പോലീസ് അധികാരികളുമായും ബന്ധപ്പെട്ട് കർശനമായ നടപടി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ

സമാധാനയോഗം വിളിച്ചുകൂട്ടി സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 22-ന് തൃശൂർ കളക്ടർ ഒരു യോഗം വിളിച്ചുകൂട്ടി. താലൂക്ക് തലത്തിൽ യോഗം വിളിച്ചുകൂട്ടാനും സംഘർഷ പ്രദേശങ്ങളിൽ സമാധാന യാത്രകൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ആശുപത്രികളിലും തൊഴിൽ സ്ഥാപനങ്ങളിലും വീടുകളിലും കയറി നടത്തുന്ന ആക്രമണങ്ങളെ ഈ ഗവൺമെന്റ് വളരെ കർശനമായി കൈകാര്യം ചെയ്യും. ഇത്തരം പ്രദേശങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി പ്രശ്നം അതാത് തലത്തിൽ തന്നെ പരിഹരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഭാഗത്തുനിന്ന് കർശനമായ നടപടി സ്വീകരിക്കുന്നതാണെന്ന് സഭയ്ക്ക് ഉറപ്പുതരുന്നു.

**പ്രത്യേക പരാമർശം**

<u>തൃശൂർ ജില്ലയിലും പരിസരത്തുമുണ്ടായ ഭൂചലനം</u>

<u>മി. സ്പീക്കർ</u>: ഇന്നത്തെ ശ്രദ്ധക്ഷണിക്കലിൽ ഉൾപ്പെടാത്ത അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയം സഭയിൽ ഉന്നയിക്കുന്നതിനുവേണ്ടി സർവ്വശ്രീ. എ.സി. മൊയ്തീൻ, സി.പി. മുഹമ്മദ്, തേറമ്പിൽ രാമകൃഷ്ണൻ എന്നീ അംഗങ്ങൾ എഴുതിത്തന്നിട്ടുണ്ട്. തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ കഴിഞ്ഞ 12 വർഷമായി ഭൂചലനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇന്നു കാലത്തും അവിടെ നേരിയ തോതിൽ ഭൂചലനമുണ്ടായി. അത് സംബന്ധിച്ച് സഭയിൽ അടിയന്തിരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗങ്ങൾ എഴുതിത്തന്നിരിക്കുന്നത്. ഇക്കാര്യം ചർച്ച

ചെയ്യാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സമ്മതിച്ച സാഹചര്യത്തിൽ ഈ വിഷയം അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:</u> നിയമസഭ കൂടുമ്പോൾ ഗവൺമെന്റ് ബിസിനസ്സ് നടത്തുന്നതുപോലെ തന്നെ പ്രധാനപ്പെട്ട കാര്യങ്ങൾ ഉന്നയിക്കുവാനുള്ള അംഗങ്ങളുടെ അവകാശത്തെ വെട്ടിച്ചുരുക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്; അത് പാർലമെന്ററി താല്പര്യങ്ങൾക്ക് യോജിച്ചതല്ല. ഇന്ന് പുലർച്ചെ തൃശ്ശൂരിൽ വ്യാപകമായി നേരിയ ഭൂചലനം ഉണ്ടായി. ഇക്കഴിഞ്ഞ 20 ദിവസമായി ചേലക്കര, വടക്കാഞ്ചേരി, കുന്ദംകുളം, ഗുരുവായൂർ, പട്ടാമ്പി തുടങ്ങിയ മേഖലയാകെ ഭൂചലനത്തിന്റെ ഭീഷണിയിലാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് യോഗം വിളിച്ചുചേർത്തുവെങ്കിലും ഭൂചലനത്തിന്റെ ഗൗരവത്തെക്കുറിച്ച് റിക്കാർഡ് ചെയ്യുന്ന കാര്യത്തെക്കുറിച്ചല്ലാതെ ഇത് എങ്ങനെ സംഭവിക്കുന്നുവെന്നോ ഇതിന്റെ പ്രതിരോധപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നോ ഉള്ള കാര്യത്തെക്കുറിച്ച് ശാസ്ത്രജ്ഞൻമാർക്ക് ഒന്നും അറിയില്ല. ആദ്യമുണ്ടായ ഭൂചലനത്തിന്റെ തുടർച്ചയാണ്, ഭയപ്പെടാനില്ലെന്നാണ് അവരുടെ അഭിപ്രായം. പക്ഷേ ഇന്നുണ്ടായ ഭൂചലനം വളരെ ഭീകരവും രണ്ടുമൂന്ന് ജില്ലകളെ ബാധിക്കുന്നതുമാണ്. ജനങ്ങളാകെ ഭയവിഹ്വലരായാണ് കഴിയുന്നത്. അത്യന്തം ഗൗരവതരമായ ഇക്കാര്യത്തിൽ എന്ത് നടപടികൾ കൈക്കൊള്ളുന്നുവെന്നതിനെക്കുറിച്ച് സർക്കാർ വ്യക്തമാക്കണം.

<u>ശ്രീ. എ.സി. മൊയ്തീൻ:</u> കേരളത്തെ ആകെ ബാധിക്കുന്ന ഒരു വിഷയമെന്ന നിലയ്ക്ക് ഇത് അവതരിപ്പിക്കാൻ അനുമതി ലഭിച്ചതിൽ വളരെ സന്തോഷമുണ്ട്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ അതീവ ഗുരുതരമായ ഭൂചലനം ഉണ്ടായിരിക്കുന്നു. 20-ാം തീയതി തലപ്പിള്ളി താലൂക്കിൽ

വ്യാപകമായും തൃശൂരിന്റെ ചില ഭാഗങ്ങളിലും പാലക്കാട് ജില്ലയിലെ തൃത്താല, പട്ടാമ്പി മണ്ഡലങ്ങളുടെ ചില ഭാഗങ്ങളിലും ഭൂചലനം ഉണ്ടായി. ഇതിന്റെ തീവ്രത റിച്ചർ സ്കെയിലിൽ 3.8 ആണ് എന്ന് തിരുവനന്തപുരം കേന്ദ്രത്തിൽ അറിയിക്കുകയും പിന്നീട് 2.8 ആണ് എന്ന് പീച്ചിയിലെ കേന്ദ്ര ത്തിൽനിന്നും അറിയിക്കുകയും ചെയ്തു. ജനങ്ങളാകെ ഭയവിഹ്വലരാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജനങ്ങൾ ഇന്ന് വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. ചേലക്കരയിലെ ദേശമംഗ ലത്ത് തലശ്ശേരിയിലാണ് ഇതിന്റെ പ്രഭവകേന്ദ്രം എന്നാണ് കണ്ടെത്തിയി ട്ടുള്ളത്. ഇന്ന് രാവിലെ 6.45–ന് വീണ്ടും ഭൂചലനമുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് 21–ാം തീയതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം താലൂക്കാഫീസിൽ വിളിച്ചുകൂട്ടുകയും ജനങ്ങൾക്കിടയിലുണ്ടാ യിട്ടുള്ള ഭീതി അകറ്റാനും അവിടെ ഉദ്യോഗസ്ഥരുടെ ഏകോപന ത്തിനുംവേണ്ടി പരിശ്രമങ്ങൾ നടത്തുകയും ചെയ്തു. ഇക്കാര്യം റവന്യൂ വകുപ്പുമന്ത്രി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം തിരുവനന്തപുരത്ത് വിളിച്ച് കൂട്ടിയതിനുപുറമേ തൃശൂരിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും വിദഗ്ദ്ധരുടെയും ശാസ്ത്രജ്ഞ രുടെയും യോഗം വിളിച്ചുകൂട്ടി അടിയന്തിരമായി സർക്കാർ മെഷിനറി ഉപ യോഗിച്ച് ചെയ്യേണ്ട ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. 1994 –ൽ ഭൂചലനമുണ്ടായതിനുശേഷം ദേശമംഗ ലത്ത് ഭൂചലനം വർദ്ധിക്കുകയാണ്. ഇപ്പോൾ ഭൂചലനമുണ്ടായതിന്റെ ഭാഗ മായി നിരവധി വീടുകൾക്കും സ്ക്കൂൾ കെട്ടിടങ്ങൾക്കും കേടുപാട് സംഭവിക്കുകയും ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ ഭീതി അകറ്റുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങളും

ദുരന്തമുണ്ടാകുകയാണെങ്കിൽ അത് നേരിടുന്നതിന് വേണ്ട അടിയന്തിര നടപടികളും സ്വീകരിക്കണം. ചേലക്കരയിലെ ദേശമംഗലത്ത് തലശ്ശേരി കേന്ദ്ര മാക്കി ഭൂകമ്പ തോത് അളക്കാൻ സ്ഥാപിച്ചിരുന്ന യന്ത്രം അടിയന്തിരമായി അവിടെ പുന:സ്ഥാപിക്കണം. പോലീസ്, ഫയർഫോഴ്സ്, വയർലസ് എന്നീ സംവിധാനങ്ങൾ ഭൂകമ്പ ബാധിത പ്രദേശങ്ങളിൽ സജ്ജമാക്കണം. ഭൂകമ്പ മുണ്ടാകുമ്പോൾ ജനങ്ങൾക്ക് മുന്നറിയിപ്പ് നല്കാൻ സർക്കാർ മെഷിനറി അടിയന്തിരമായി ഉപയോഗപ്പെടുത്തണം. മെഡിക്കൽ കോളേജ് ഉൾപ്പെടെ യുള്ള ആശുപത്രികളുടെ പ്രവർത്തനത്തിൽ കൂടുതൽ ശ്രദ്ധയുണ്ടാകണം. ഭൂചലനംമൂലം കേടുപാട് സംഭവിച്ച റോഡുകൾ ഗതാഗതയോഗ്യമാക്കണം. എല്ലാ വകുപ്പുകളുടേയും ഏകോപനത്തിനുവേണ്ടി ഇപ്പോൾ സ്വീകരിച്ചി ട്ടുള്ള സംവിധാനത്തിനുപുറമേ അടിയന്തിരമായി ഗവൺമെന്റ് ഉന്നതതല ത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: 1994 –ൽ ദേശമംഗലത്ത് തലശ്ശേരി പ്രഭവ കേന്ദ്ര മായി ഭൂചലനമുണ്ടായി. കഴിഞ്ഞ കൊല്ലവും ഭൂചലനമുണ്ടായി. ഇപ്പോൾ മൂന്നാമത്തെ പ്രാവശ്യമാണ് ഭൂചലനമുണ്ടാകുന്നത്. ഇക്കാര്യം ബഹുമാന പ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഇപ്പോൾ വളരെ ലാഘവബുദ്ധിയോടുകൂടി കാര്യങ്ങൾ കൈകാര്യം ചെയ്തിട്ട് വൻ ദുരന്തമു ണ്ടാകുമ്പോൾ ഖേദിക്കുന്നതിനേക്കാൾ സഭയിൽ സൂചിപ്പിച്ചതുപോലെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി ജനങ്ങളുടെ പരിഭ്രാന്തി അകറ്റണം. ഭൂകമ്പ തോത് അളക്കാനുള്ള ഉപകരണം അവിടെനിന്ന് മാറ്റിയതിൽനിന്നും ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഭൂചലന മുണ്ടാകുമ്പോൾ ജനങ്ങൾ ഭയവിഹ്വലരായി വീടിന് പുറത്തിറങ്ങി നില്ക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ധാരാളം കെട്ടിടങ്ങൾക്ക് കേടുപാട്

സംഭവിച്ച് നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതിനെക്കുറിച്ചൊക്കെ ഉന്നത നിലവാരത്തിലുള്ള അന്വേഷണങ്ങൾ നടത്തണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ചേലക്കരയിൽ ദേശമംഗലത്ത് തലശ്ശേരിയിലാണ് ഭൂചലനത്തിന്റെ പ്രഭവ കേന്ദ്രം. ഇന്ന് രാവിലെ 6.45–ന് റിച്ചർ സ്കെയിലിൽ 2.8 തീവ്രതയിൽ ഭൂചലനമുണ്ടായി. ജില്ലാ കള്കടർക്ക് നിർദ്ദേശം കൊടുത്തതനുസരിച്ച് അദ്ദേഹവും ഉദ്യോഗസ്ഥരും അവിടെ എത്തിയിട്ടുണ്ട്. 20–ാം തീയതി തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഭൂചലനമുണ്ടായി. ജനങ്ങളാകെ പരിഭ്രാന്തിയിലാണ്. അന്ന് രാത്രി തന്നെ എല്ലാ കേന്ദ്രങ്ങളുമായും ബന്ധപ്പെട്ടപ്പോൾ ഭയപ്പെടേണ്ട എന്ന വിവരമാണ് ലഭിച്ചത്. തീവ്രത രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. പിറ്റേ ദിവസം രാവിലെ ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് വടക്കാഞ്ചേരിയിൽ വിപുലമായ യോഗം ചേരുകയുണ്ടായി. അന്ന് വൈകിട്ട് തന്നെ ശാസ്ത്രജ്ഞരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ഒരു യോഗം വിളിച്ചുകൂട്ടി. 22–ാം തീയതി വീണ്ടും യോഗം ചേർന്ന് റിവ്യൂ ചെയ്തതിന്റെ അടിസ്ഥാത്തിൽ ഭൂചലന തോത് അളക്കാനുള്ള പീച്ചിയിലെ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. തലശ്ശേരിയിൽ ഭൂകമ്പ മാപിനി സ്ഥാപിക്കാൻ തീരുമാനമെടുക്കുകയും അതിനായി സെസ്സിനെ ചുമതലപ്പെടുത്തുകയും ചെയ്തു. തലപ്പിള്ളി താലൂക്കാശുപത്രിയിൽ ഇൻഫർമേഷൻ ആന്റ് കൺട്രോൾ റും ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടുമൂന്ന് മാസക്കാലം ശാസ്ത്രജ്ഞരുടെ ടീം ഓരോ പ്രദേശവും സന്ദർശിച്ച് ജനങ്ങളുടെ ഭീതി അകറ്റാനാവശ്യമായ മുൻ കരുതൽ പ്രവർത്തനത്തിന് തുടക്കം കുറിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. നാല് ജില്ലാ കളക്ടറേറ്റുകളിൽ മോണിറ്ററിംഗ് സംവി

ധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഉൾപ്പെടെ കേന്ദ്രീകരിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെടാൻ തീരുമാനമെടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി തിരുവനന്തപുരത്ത് ഒരു കേന്ദ്രം ആരംഭിക്കണം. 2007 ജനുവരി 6-ാം തീയതി വിപുലമായ ഒരു ജനകീയ കൺവെൻഷൻ വടക്കാഞ്ചേരിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നല്കുന്നതിന് 5 ലക്ഷം രൂപ ജില്ലാ കളക്ടർക്ക് അടിയന്തിരമായി അനുവദിച്ചിട്ടുണ്ട്. ഫയർ സ്റ്റേഷൻ, വയർലസ് സെറ്റിംഗ്, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികൾ എന്നിവിടങ്ങളിലെ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെയും സംസ്ഥാനതല ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേരളം ഭൂകമ്പങ്ങളുടെ അപകടമേഖലയായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാപേരുടെയും ശ്രദ്ധ അക്കാര്യത്തിലുണ്ടാകണം. ശാസ്ത്രജ്ഞർ ഇക്കാര്യം നിരന്തരമായി വീക്ഷിക്കാനും ആവശ്യമായ വിവരങ്ങൾ നൽകാനും ജനങ്ങളുടെ ഭീതി അകറ്റാനുമുള്ള സംവിധാനം ഉണ്ടാക്കണം. അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നതും അംബരചുമ്പികളായി ഉയർന്നുവരുന്ന കെട്ടിടങ്ങളും മണലൂറ്റലും ഒക്കെ ഭൂമിയുടെ സന്തുലിതാവസ്ഥ മാറ്റുന്നതിന് വഴി വയ്ക്കുന്നത് പരിശോധിക്കണം. ശാസ്ത്രജ്ഞർ ഇതിനെക്കുറിച്ച് പഠിച്ച് ആവശ്യമായ നിർദ്ദേശം നൽകണം. യു.എൻ. ശാസ്ത്രജ്ഞരുമായി ഇതുസംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്രത്തിൽ നിന്നും ശാസ്ത്രജ്ഞരുടെ

ഒരു ടീമിനെ അയയ്ക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): തൃശ്ശൂർ ജില്ലയിലും മറ്റുമുണ്ടായ ഭൂചലനം സംബന്ധിച്ച് ശാസ്ത്രജ്ഞരുമായി ബന്ധപ്പെടുകയും വിവരം കേന്ദ്ര ഗവണ്മെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മുല്ലപ്പെരിയാറിൽ സ്ഥിരമായി ഭൂചലനത്തിന്റെ ഭീതി ഉണ്ടായി ക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യം ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടികൾ എടുക്കണമെന്നും കേരളത്തിലെ ജനങ്ങൾക്ക് സുരക്ഷിതത്വം നൽകാനുള്ള സംവിധാനമുണ്ടാക്കണമെന്നും കേന്ദ്ര ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ 5 ജില്ലകളിലെ ജനങ്ങളുടെ പ്രശ്നമാണ്. ഇപ്പോൾ ജനങ്ങൾ ആകെ ഭീതിയിലാണ്. ഈ കാര്യങ്ങൾ കേന്ദ്ര ഗവണ്മെന്റിനെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാ നത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തു വച്ചു.

**ക്രമപ്രശ്നം**

2006–ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിന് ഭേദഗതികൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ.എം. മാണി: 2006 ഡിസംബർ 27, 28, 29 തീയതികളിൽ സഭയുടെ പരിഗണനയ്ക്കുവരുന്ന സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006–ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിനുള്ള ഭേദഗതികൾ 2006 ഡിസംബർ 27–ാം തീയതി ബുധനാഴ്ച

വൈകുന്നേരം 5.00 മണിക്കു മുമ്പ് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഡിസംബർ മാസം 21–ാം തീയതി നിയമസഭാ സെക്രട്ടേറിയറ്റിൽനിന്ന് ഇറക്കിയ ബുള്ളറ്റിൻ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. സെലക്ട് കമ്മിറ്റി റിപ്പോർട്ട് മേശപ്പുറത്തു വച്ചതിനുശേഷം മാത്രമാണ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം വരുന്നത്. അംഗങ്ങൾക്ക് ഇതുസംബന്ധിച്ച് പഠിക്കാൻ രണ്ട് പൂർണ്ണദിവസം നൽകണം. ബിൽ സഭയിൽ അവതരിപ്പിച്ചശേഷം മാത്രമേ ഭേദഗതി നോട്ടീസിനുള്ള സമയം നിശ്ചയിക്കാവൂ. സഭ സമ്മേളിച്ചശേഷം ബി.എ.സി. കൂടി സമയം നിശ്ചയിക്കാതെ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നതും തെറ്റാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഈ ബില്ലിനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റി ഷെഡ്യൂൾ ചെയ്ത പ്രകാരമുള്ള തെളിവെടുപ്പും ചർച്ചകളും പ്രതിപക്ഷത്തിന്റെ കൂടി സഹകരണത്തോടെ ഡിസംബർ 21–ാം തീയതി പൂർത്തിയാക്കുകയും ആ വിവരങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറേയും ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിനേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് നടപടികളിലേയ്ക്ക് കടന്നത്.

മി. സ്പീക്കർ: ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ ഭേദഗതിക്കുള്ള നോട്ടീസ് കൊടുത്തിട്ടുള്ള കീഴ്‌വഴക്കം പല ഘട്ടങ്ങളിലുമുണ്ടായിട്ടുണ്ട്. 2002–ലെ കേരള വാല്യൂ ആഡഡ് ടാക്സ് ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിച്ചത് 21–2–2002–ൽ ആണ്. ബുള്ളറ്റിൻ പുറപ്പെടുവിച്ചത് 20–2–2002–ൽ ആണ്. 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചത് 13–8–2003–നാണ്. ബുള്ളറ്റിൻ പുറപ്പെടുവിച്ചത് 5–8–2003–നാണ്.

അതുകൊണ്ട് ഈ നടപടി ശരിയാണെന്നുള്ള അഭിപ്രായമല്ല ചെയറിനുള്ളത്. ബിൽ അവതരിപ്പിച്ചശേഷം തന്നെയാണ് ഭേദഗതിക്കുള്ള നോട്ടീസ് നൽകേണ്ടത്. പക്ഷേ കീഴ്‌വഴക്കമുള്ളതുകൊണ്ട് ബിൽ അവതരിപ്പിക്കാവുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**അനുമോദനം**

മി. സ്പീക്കർ: സുപ്രീം കോടതി ചീഫ് ജസ്റ്റീസ് ആയി നിയോഗിക്കപ്പെട്ട ശ്രീ.കെ.ജി. ബാലകൃഷ്ണനെയും ദക്ഷിണാഫ്രിക്കയ്ക്ക് എതിരെയുള്ള ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിൽ ഇൻഡ്യയ്ക്കുവേണ്ടി ഉജ്ജ്വല പ്രകടനം കാഴ്ചവച്ച ക്രിക്കറ്റ് താരം ശ്രീ.എസ്.ശ്രീശാന്തിനേയും സഭയുടെ അനുമോദനം അറിയിക്കുന്നു.

**നിയമനിർമ്മാണ കാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്): 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ.മുല്ലക്കര രത്നാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്): ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ റോഡ് അപകട നിരക്ക് കൂടുതലാണ്. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള പല നടപടികളും കൈക്കൊണ്ടുവരികയാണെങ്കിലും അതിലൊന്നും പ്രതീക്ഷിച്ചത്ര ഫലം കാണുന്നില്ല എന്നാണ് അനുഭവങ്ങൾ സൂചിപ്പിക്കുന്നത്. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, ഗതാഗത ചട്ടങ്ങൾ പാലിക്കാതിരിക്കൽ എന്നിവയാണ് അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ. ഈ ബില്ലിന്റെ 3-ാം ഖണ്ഡത്തിൽ റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കേണ്ടതു സംബന്ധിച്ച് വിവക്ഷിച്ചിട്ടുണ്ട്. ഗതാഗത വകുപ്പുമന്ത്രി ചെയർമാനും പൊതുമരാമത്ത് വകുപ്പുമന്ത്രി വൈസ് ചെയർമാനും ഉന്നത ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, റോഡ് സുരക്ഷാ കമ്മീഷണർ തുടങ്ങിയവർ അംഗങ്ങളായും ഉള്ള അതോറിറ്റിയാണ് രൂപീകരിക്കേണ്ടത്. ഖണ്ഡം 4-ൽ ഈ അതോറിറ്റിയുടെ അധികാരങ്ങളെയും കർത്തവ്യങ്ങളെയും സംബന്ധിച്ചും ഖണ്ഡം 5-ൽ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി

രൂപീകരിക്കേണ്ടതു സംബന്ധിച്ചും ഖണ്ഡം (11) ൽ ഒരു റോഡ് സേഫ്റ്റി ഫണ്ട് രൂപീകരിക്കേണ്ടതു സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. റോഡ് സുരക്ഷാ കമ്മീഷണർ തന്നെയായിരിക്കും അതോറിറ്റിയുടെ മുഖ്യ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ. വാഹന ഉടമകളിൽനിന്നും പിരിച്ചെടുക്കുന്ന സെസ്സ്, സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്ന ഗ്രാന്റുകൾ എന്നിവ റോഡ് സുരക്ഷാ ഫണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. അതോറിറ്റിയുടെ ഉത്തരവുകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്ക് ശിക്ഷ നൽകുന്നതിനും ഇതിൽ വ്യവസ്ഥയുണ്ട്. ഇതിലെ വ്യവസ്ഥകൾ 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധമായിരിക്കും. കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരം 2007 ജനുവരി മാസം 1-ാം തീയതി മുതൽ 7-ാം തീയതിവരെ റോഡ് സുരക്ഷാ വാരമായി ആചരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ.സി. വേണുഗോപാൽ: I move that-

"This House resolves to disapprove The Kerala Road Safety Authority Ordinance, 2006 (Ordinance No. 55 of 2006). കേരളത്തിലെ റോഡപകടങ്ങളെ സംബന്ധിച്ച് വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ഭയാനകമായിട്ടുള്ളതാണ്. ഇന്ന് റോഡപകടം ഒരു നിത്യ സംഭവമായി മാറി ക്കഴിഞ്ഞിരിക്കുകയാണ്. മനുഷ്യജീവന് ഒരു വിലയും കൽപിക്കാത്ത നിലയിൽ വാഹനാപകടങ്ങൾ വർദ്ധിക്കുകയാണ്. റോഡുകൾക്ക് വികസനമില്ല; വാഹനങ്ങളുടെ എണ്ണത്തിൽ മാത്രം വർദ്ധനവുണ്ടായിക്കൊ ണ്ടിരിക്കുന്നു. റോഡുകളിൽ വച്ചിട്ടുള്ള വേസ്റ്റ് ബിന്നുകളിൽനിന്നും യഥാസമയം മാലിന്യം നീക്കം ചെയ്യാത്തതുമൂലം അവ റോഡുകളിൽ ചിതറി

ക്കിടക്കുന്നത് നിത്യസംഭവമാണ്. നിർമ്മാണസാമഗ്രികൾ മാസങ്ങളോളം റോഡരികിൽ ഇട്ടിരിക്കുന്നതും വാഹനാപകടങ്ങൾക്ക് കാരണമാകുന്നു. പി.ആന്റ്.ടി., കേരള വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നിവ നിർമ്മാണപ്രവർത്തനങ്ങൾക്കായി എടുക്കുന്ന കുഴികൾ സമയബന്ധിതമായി മൂടാത്തതുകൊണ്ടും ധാരാളം അപകടങ്ങളുണ്ടാകുന്നു. ഇക്കാര്യങ്ങളിൽ കുറേക്കൂടെ നിയന്ത്രണം ആവശ്യമാണ്. റോഡുകളുടെ പണി കഴിഞ്ഞ് ഒരു മാസം തികയുന്നതിനുമുമ്പുതന്നെ അവ വെട്ടിപ്പൊളിക്കുന്ന രീതിക്ക് നിയന്ത്രണം ഏർപ്പെടുത്തണം. റോഡുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകണം. രക്തം വാർന്നൊഴുകിയാണ് മിക്ക അപകടമരണങ്ങളും സംഭവിക്കുന്നത്. അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ വേണ്ട വാഹന സൗകര്യങ്ങൾ ലഭ്യമാക്കണം. അപകടം ഉണ്ടാകുന്നിടത്തു താമസംവിനാ ട്രാഫിക് ഉദ്യോഗസ്ഥൻ എത്തണം. ട്രോമാകെയർ സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഉണ്ടാകണം. സ്വകാര്യബസ്സുകളുടെ മൽസരഓട്ടം നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കണം. ടിപ്പർ ലോറികളുടെ വേഗത നിയന്ത്രിക്കണം. ട്രാഫിക് നിയമം പ്രൈമറിതലം മുതൽ പാഠ്യവിഷയമാക്കണം. ലൈസൻസ് കൊടുക്കുന്ന കാര്യത്തിൽ കർശനമായ നിയന്ത്രണമേർപ്പെടുത്തണം. മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ കർശനമായ നടപടികളെടുക്കണം. പൊതുനിരത്തുകൾ കയ്യേറി സ്ഥാപിച്ചിട്ടുള്ള പ്രതിമകൾ, സ്തൂപങ്ങൾ, സ്മാരക മന്ദിരങ്ങൾ എന്നിവ നീക്കം ചെയ്യണം. റോഡ് സേഫ്ടി ഫണ്ട് നിർദ്ദിഷ്ട ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയത്തക്കവിധത്തി ലുള്ള നടപടികളുണ്ടാകണം. ജില്ലാ തലത്തിലുള്ള റോഡ് സേഫ്ടി കമ്മിറ്റി

കളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തണം. ഓർഡിനൻസിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രമേയത്തെ പിന്താങ്ങുന്നു. യു.ഡി.എഫ്. ഗവണ്മെന്റ് കൊണ്ടുവന്ന ഓർഡിനൻസ് റീ-പ്ളേസ് ചെയ്തുകൊണ്ടുള്ള ബില്ലാണിത്. സംസ്ഥാനത്ത് അപകടങ്ങൾ വർദ്ധിച്ചുവരുന്നു. സംസ്ഥാനത്തെ ചില ഏരിയകൾ അപകട മേഖലയായി മാറിക്കൊണ്ടിരിക്കുന്നു. അപകടം തടയുന്നതിന് കോടിക്കണക്കിന് രൂപ പി.ഡബ്ള്യു.ഡി ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രയോജനമില്ലാത്ത സ്ഥിതി നിലനിൽക്കുന്നതിനാൽ ശാസ്ത്രീയമായ പഠനം നടത്തി ഇതിന് പരിഹാരം ഉണ്ടാക്കണം. അപകടകാരണങ്ങളെക്കുറിച്ച് ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. മദ്യപാനം, അശ്രദ്ധയോടെയുള്ള ഡ്രൈവിംഗ്, മൽസര ഓട്ടം, വാഹനങ്ങളുടെ വർദ്ധനവ്, റോഡുകളുടെ അപര്യാപ്തത എന്നിവ അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ കേരളത്തിൽ ജനസംഖ്യാനുപാതികമായി വാഹനങ്ങളുടെ എണ്ണം കൂടുതലാണ്. സ്റ്റേറ്റ് ഹൈവേ, മേജർ ഡിസ്ട്രിക്ട് റോഡുകൾ, നാഷണൽ ഹൈവേ എന്നിവയുടെ നിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും അവ വീതികൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യണം. അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിന് പ്രത്യേക ഫണ്ട് അലോട്ട് ചെയ്യണം. പുതിയ റോഡുകൾ നിർമ്മിക്കണം. തിരുവനന്തപുരം മുതൽ മഞ്ചേശ്വരം വരെ നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കണം. നിലവിലുള്ള റോഡുകൾ നല്ല രീതിയിൽ മെയിന്റയിൻ ചെയ്താൽ വളരെയധികം അപകടങ്ങൾ കുറയ്ക്കാൻ കഴിയും. ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്ന രീതിയിൽ സമൂലമായ മാറ്റം വരുത്തണം. വാഹനമോടിക്കുന്ന

തിൽ മാത്രമല്ല ട്രാഫിക് നിയമങ്ങളിൽ പരിജ്ഞാനമുള്ളവർക്ക് ലൈസൻസ് കൊടുക്കുന്ന സ്ഥിതിയുണ്ടാകണം. റോഡ് പുറംപോക്കിൽ സ്ഥാപിച്ചിട്ടുള്ള സ്മാരകങ്ങൾ, ട്രേഡ് യൂണിയൻ ഓഫീസുകൾ എന്നിവ മാറ്റുന്നതിനും വഴിയോരക്കച്ചവടക്കാരെ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. അപകടസന്ദർഭങ്ങളിൽ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. എണ്ണം തികയ്ക്കാൻ വേണ്ടി കേസെടുക്കുന്ന പോലീസിന്റെ ഇന്നത്തെ രീതിയിൽ മാറ്റം വരുത്തണം. റോഡ് സുരക്ഷാ അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ ഗതാഗത വകുപ്പു സെക്രട്ടറി ആയിരിക്കണം. ആവശ്യമായ കാര്യങ്ങളിൽ മുൻകയ്യെടുത്ത് ഇടപെടുന്നതിന് പോലീസു കാർക്ക് നിർദ്ദേശം കൊടുക്കണം. റോഡ് സുരക്ഷാ അതോറിറ്റിയിൽ 7 അംഗങ്ങൾ ഉണ്ടായിരിക്കണമെന്നുള്ളത് ക്വാറം കിട്ടാത്ത സാഹചര്യ മുണ്ടാകും. ഒരു എക്സിക്യൂട്ടീവ് കൗൺസിലായ ഈ അതോറിറ്റിയിൽ കമ്മിഷണറായി ചീഫ് സെക്രട്ടറിയെയാണ് നിയമിച്ചിരിക്കുന്നത്. മാസത്തി ലൊരിക്കൽ അതോറിറ്റി യോഗം കൂടുന്നതിന് ചീഫ് സെക്രട്ടറിക്ക് സമയം കിട്ടാതെ വരുമെന്നതിനാൽ കമ്മിഷണറായി ട്രാൻസ്പോർട്ട് സെക്രട്ടറി യെയും ചെയർപേഴ്സണായി ചീഫ് സെക്രട്ടറിയേയും നിയമിക്കുന്നതായി രിക്കും ഉചിതം. അതുപോലെ താലൂക്ക് ആശുപത്രികളിലെങ്കിലും ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. 10-ാം വകുപ്പ് പ്രകാരം സെസ്സ് ചുമത്താനും പിരിച്ചെടുക്കാനുമുള്ള അധികാരം ഏതെല്ലാം മേഖലയിലാണെന്നുള്ള പ്രൊവിഷൻ ഏർപ്പെടുത്തണം. സെസ്സ് പിരിച്ചെടുത്ത് കൈകാര്യം ചെയ്യാനുള്ള പൂർണ്ണ അധികാരം റോഡ് സുരക്ഷാ അതോറിറ്റിക്ക് ഉണ്ടാകണം. റോഡ് സുരക്ഷാ അതോറിറ്റിക്ക് ഉള്ളതിനേ ക്കാൾ കൂടുതൽ അധികാരങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നൽകണം.

<u>ശ്രീ.ജോർജ് എം.തോമസ്</u>: 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 1.3.2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥമൂലം ദിവസവും ശരാശരി എട്ട് പേർ റോഡപകടങ്ങളിൽ മരിക്കുന്നുവെന്നാണ് കണക്ക്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ സംസ്ഥാനത്ത് 2,00,207 റോഡപകടങ്ങളാണ് ഉണ്ടായിട്ടുള്ളത്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഇത്തരത്തിലൊരു നിയമ നിർമ്മാണം ആവശ്യമാണ്. അപകടങ്ങൾക്കിടയാകുന്ന വാഹനങ്ങൾ തിരിച്ചറിയാൻ കഴിയാത്തതുമൂലം അപകടത്തിനിരയായവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത സ്ഥിതി പരിഹരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥയുണ്ടാകണം. റോഡപകടങ്ങളുടെ കാരണങ്ങളെക്കുറിച്ച് സത്യ സന്ധമായി പരിശോധിക്കണം. നിബന്ധനകളും വ്യവസ്ഥകളും പാലിച്ച് മാത്രമേ റോഡ് പ്രവൃത്തികൾക്ക് കരാർ നൽകാൻ പാടുള്ളൂ. 1600 കോടി യോളം രൂപ ഖജനാവിന് നഷ്ടം വരുത്തിയ കെ.എസ്.ടി.പി. പ്രവൃത്തികളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം. വാഹനാപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ കർശനമായ നടപടി സ്വീകരിക്കണം. കേരളത്തിൽ റോഡപകടങ്ങൾ നിയന്ത്രിക്കാനായി ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു നിയമ നിർമ്മാണത്തിന് രൂപം കൊടുക്കാൻ മുൻകയ്യെടുത്ത ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. ബി. ബാബുപ്രസാദ്</u>: 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വാഹനപ്പെരുപ്പ ത്തിനനുസരിച്ച് കേരളത്തിലെ റോഡുകൾ വികസിക്കാത്ത സാഹചര്യ മാണുള്ളത്. അശാസ്ത്രീയമായ റോഡ് നിർമ്മാണംമൂലമുണ്ടാകുന്ന അപകട മരണങ്ങൾ നിരവധിയാണ്. ഹരിപ്പാട് മണ്ഡലത്തിൽ കൃഷ്ണപുരം മുതൽ തോട്ടപ്പള്ളി വരെയുള്ള ഭാഗത്ത് നാഷണൽ ഹൈവേയുടെ നേർപകുതി ഭാഗം ഒരു മീറ്റർ ഉയർത്തിയതിന്റെ ഫലമായി എട്ട് വർഷത്തിനുള്ളിൽ അവിടെ മാത്രം 433 പേർ അപകടങ്ങളിൽ മരിക്കുകയുണ്ടായി. നിബന്ധനകൾ പാലിച്ചുകൊണ്ടുമാത്രമേ സ്ക്കൂൾ വാഹനങ്ങൾക്ക് ലൈസൻസ് കൊടുക്കാവൂ. നിലവാരമില്ലാത്ത വാഹനങ്ങൾ നിരോധിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം. വിവിധ മണ്ഡലങ്ങളിലെ പി.ഡബ്ളിയു.ഡി. റോഡുകൾ പ്രിസർവ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കൊടുത്തിട്ടുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കണം. നിരത്തിലോടുന്ന വാഹനങ്ങളുടെ ക്വാളിറ്റി നിശ്ചയി ക്കുന്നതോടൊപ്പം പത്ത് കൊല്ലത്തേയ്ക്കെങ്കിലും പൊളിഞ്ഞുപോകാത്ത തരത്തിൽ പ്ളാനിംങ്ങോടു കൂടി റോഡുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്):</u> ബില്ലിനെക്കുറിച്ച് ഇരുഭാഗത്തുനിന്നും വന്ന നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവണ്മെന്റ് കൊണ്ടുവന്ന ഓർഡിനൻസ് ഭേദഗതി കൂടാതെ റീ-പ്രൊമുൽഗേറ്റ് ചെയ്ത് സഭയിൽ അവതരി പ്പിക്കുകയാണ് ചെയ്തത്. ബില്ലിലെ ന്യൂനതകൾ ചൂണ്ടിക്കാണിച്ചാൽ വിശദമായ പരിശോധന നടത്താനും സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ ആവശ്യമായ ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുറ്റമറ്റ നിയമമാക്കാനും ഗവണ്മെന്റ് സന്നദ്ധമാണ്. ചീഫ് സെക്രട്ടറിയെ റോഡ് സുരക്ഷാ കമ്മിഷണർ

(എക്സ്-ഒഫിഷ്യോ) ആയി നിയമിച്ചാൽ ബില്ലിൽ വിഭാവന ചെയ്യുന്ന ഉദ്ദേശ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ തടസ്സമാകുമെന്നുള്ള വിമർശനം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാണ്. നിബന്ധനകൾ പാലിക്കാതെ ബസ്സുകൾക്ക് ടൈം ലിമിറ്റ് കൊടുക്കുന്നതു സംബന്ധിച്ച് ആക്ഷേപമുന്നയിച്ചു. 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ അടിസ്ഥാനത്തിൽ വാഹന ഉടമകൾ അപേക്ഷിക്കുന്ന റൂട്ടിൽ പെർമിറ്റുകൾ അനുവദിക്കണമെന്നുള്ളതിനാൽ പലപ്പോഴും ടൈം ഗ്യാപ് കുറയുന്നു. കോടതി ഉത്തരവ് മുഖേന പെർമിറ്റ് നൽകേണ്ടി വരുന്നതുകൊണ്ടും ടൈം ഗ്യാപ് പാലിക്കാൻ കഴിയുന്നില്ല. കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ. പ്രൈവറ്റ് ബസ്സുകളുടെ മൽസരയോട്ടം നിയന്ത്രിക്കുന്നതു സംബന്ധിച്ച് അതാതു സ്ഥലങ്ങളിലെ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം കൊടുക്കുന്നതാണ്. വാഹനങ്ങളുടെ എണ്ണം പെരുകുന്നതിനനുസരിച്ച് മോട്ടോർ വാഹന വകുപ്പ് സ്ട്രെംഗ്തെൻ ചെയ്യേണ്ടതുണ്ട്. പബ്ളിക് ട്രാൻസ്പോർട്ട് സിസ്റ്റം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കേണ്ടതുണ്ട്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സ്ക്കൂൾ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എറണാകുളം ജില്ലയിൽ റോഡ് സേഫ്റ്റി ക്ളബ്ബുകൾ നടപ്പിലാക്കിക്കഴിഞ്ഞു. മറ്റു ജില്ലകളി ലേയ്ക്ക്കൂടി ഇത് വ്യാപിപ്പിക്കാൻ ശ്രമിക്കുകയാണ്. 2007 ജനുവരി 1 മുതൽ 7 വരെ സംസ്ഥാനത്തുടനീളം റോഡ് സുരക്ഷാ വാരമായി ആചരിക്കും. അതിന്റെ ഭാഗമായി സംസ്ഥാന-ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ എല്ലാപേരുടേയും സഹകരണം ഉണ്ടാകണം.

നിരാകരണപ്രമേയം നിരാകരിക്കപ്പെട്ടു. ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) <u>2006-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ.എസ്.ശർമ്മ</u>): 2006-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ.എസ്.ശർമ്മ</u>): 2006-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ ഭൂ നികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>): പ്രമേയത്തെ പിന്താങ്ങുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ): മത്സ്യമേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം ലക്ഷ്യം വച്ചുകൊണ്ട് രൂപം കൊടുത്ത ഒരു ബില്ലാണിത്. 1985–ൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിന് രൂപം കൊടുക്കുകയും 1986 ജനുവരി 26 മുതൽ ക്ഷേമനിധി ബോർഡ് നിലവിൽ വരികയും ചെയ്തു. 1985–ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ട് അനുസരിച്ച് ഒരു വ്യാപാരി ഓരോ വർഷവും തന്നാണ്ടത്തെ വിറ്റുവരവിന്റെ ഒരു ശതമാനം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടതാണ്. എന്നാൽ ഇതിനെതിരെ കയറ്റുമതിക്കാർ കോടതിയെ സമീപിക്കുകയും സുപ്രീം കോടതിയിൽ ഇതു സംബന്ധിച്ച് കേസ് വന്നതിന്റെ അടിസ്ഥാനത്തിൽ 1–2–2002–ലെ വിധിയിൽ മത്സ്യം വാങ്ങിക്കുന്നവർ, കയറ്റുമതിക്കാർ എന്നിവരിൽനിന്ന് അംശദായം ഈടാക്കുന്നത് അസാധുവാണെന്ന് കൽപ്പിച്ചു. ഈ വിധിക്കുശേഷം കേരളത്തിലെ ലക്ഷക്കണക്കായ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കായി രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിൽ ഈ വരുമാനം നഷ്ടമായതോടുകൂടി ക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ തടസ്സമായ സാഹചര്യം കണക്കിലെടുത്താണ് ഇത്തരത്തിലൊരു ഓർഡിനൻസ് പ്രഖ്യാപിച്ചത്. നിലവിലുള്ള നിയമം തൊഴിൽ–തൊഴിലുടമാ ബന്ധം അടിസ്ഥാനമാക്കിയുള്ളതാണ്. ക്ഷേമനിധി ബോർഡിലേയ്ക്കുവരേണ്ട 33 കോടിയോളം രൂപയുടെ വരുമാനം നഷ്ടമായി രിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇത്തരത്തിലൊരു നിയമത്തിലൂടെ കോൺട്രിബ്യൂഷൻ എന്നുള്ളതു മാറ്റി സെസ്സ് ഏർപ്പെടുത്തി എത്രയും പെട്ടെന്ന് ഇത് പ്രാബല്യത്തിൽ കൊണ്ടുവന്ന് പാവപ്പെട്ട മത്സ്യത്തൊഴിലാളി കളെ സഹായിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റിയിൽ

ചർച്ച ചെയ്തശേഷം ഇത് പാസ്സാക്കിയെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശി ക്കുന്നത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: I move that "This House ressolves to disapprove The Kerala Fishermen's and Allied Workers' Welfare Cess Ordinance, 2006 (Ordinance No.57 of 2006). ഈ നിയമത്തോടുള്ള എതിർപ്പുകൊണ്ടല്ല നിരാകരണ പ്രമേയം അവതരിപ്പിച്ചത് . ഇതിന്റെ ഉദ്ദേശ കാരണങ്ങൾ ഫലവത്താക്കാൻ പര്യാപ്തമായ ഒരു നിയമമാണോ ഇതെന്നു ള്ളതുകൊണ്ടാണ്. 1985-ൽ പാസ്സാക്കിയ നിയമത്തിലെ നാലാം വകുപ്പ് ഭരണ ഘടനാവിരുദ്ധമാണെന്നുള്ള സുപ്രീംകോടതി വിധി മറികടക്കാനാണ് ഇപ്പോൾ ഓർഡിനൻസ് കൊണ്ടുവന്ന് നിയമമാക്കാൻ ശ്രമിക്കുന്നത്. 'കോൺട്രിബ്യൂഷൻ' എന്ന വാക്കുമാറ്റി 'സെസ്സ്' ആക്കിയതുകൊണ്ടുമാത്രം ഇത് നിയമദൃഷ്ട്യാ നിലനിൽക്കുമോയെന്നും അതുസംബന്ധിച്ച് സ്ക്രൂട്ടിണി നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കണം. വരുമാനം വർദ്ധിപ്പിക്കുകയാണ് ബില്ലിന്റെ ലക്ഷ്യമെന്ന് പറയുന്നതോടൊപ്പം സെസ്സ് ഒരു ശതമാനമെന്നുള്ളത് അര ശതമാനമാക്കി കുറച്ചിരിക്കുകയാണ്. ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന പാവപ്പെട്ട ചെറുകിട മത്സ്യക്കച്ചവടക്കാരെ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ 'വ്യാപാരി'എന്ന വാക്കിന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തണം. അതുപോലെ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ടിൽ നിന്നും പിരിക്കുന്ന മൂന്ന് ശതമാനം സെസ്സിന്റെ ന്യായമായ ഒരംശം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ലഭ്യമാക്കാനുള്ള നടപടികളെ ടുക്കുന്നത് കൂടുതൽ ഫലപ്രദമായിരിക്കും. മത്സ്യത്തൊഴിലാളികൾക്ക്

സഹായകരമായ ഈ ക്ഷേമനിധി ബില്ലിനെ അങ്ങേയറ്റം സ്വാഗതം ചെയ്യുന്ന തോടൊപ്പം ഇതിന്റെ നടപടിക്രമത്തിലുള്ള സാങ്കേതികത്വവും അതിലുള്ള തെറ്റുകളും അപര്യാപ്തതകളും ചൂണ്ടിക്കാണിക്കുകയുമാണ് ഈ നിരാകരണ പ്രമേയംകൊണ്ടുദ്ദേശിക്കുന്നത്.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. വിശ്വൻ:</u> 2006-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് ബിൽ പൊതുജനാഭി പ്രായം ആരായുന്നതിനായി 1-3-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേമസെസ്സ് സംബന്ധിച്ചുള്ള പുതിയ നിയമ നിർമ്മാണത്തിന് അംഗീകാരം കൊടുക്കണം. 10 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾക്ക് മീൻ പിടിക്കാനുള്ള അവകാശം മാത്രമാണുണ്ടാ യിരുന്നത്. അതിന്റെ വില നിശ്ചയിക്കാനോ വിൽക്കാനോ ഉള്ള അവകാശം ഇടത്തട്ടുകാർക്കാണുണ്ടായിരുന്നത്. അതിനെത്തുടർന്നാണ് 1985-ൽ ഒരു ക്ഷേമനിധി ബോർഡ് കൊണ്ടുവരാനും മത്സ്യത്തൊഴിലാളികളെ സഹായി ക്കാനും അന്നത്തെ ഗവൺമെന്റ് തയ്യാറായത്. അതനുസരിച്ച് വിറ്റുവരവിന്റെ ഒരു ശതമാനം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കണമെന്ന് നിയമമുണ്ടായിട്ടും 12 വർഷമായി മുതലാളിമാർ അത് പാലിക്കാത്തതിനാൽ ആ ഇനത്തിൽ 40 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളുമായി 10 ലക്ഷം മത്സ്യത്തൊഴിലാളികളാണ് ഈ രംഗത്തുള്ളത്. മത്സ്യത്തൊഴിലാളി കളുടെ ക്ഷേമ പ്രവർത്തനങ്ങളെ സംരക്ഷിക്കാനും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനുമായി സെസ്സ് കൊണ്ടുവരാനുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധതയെ അംഗീകരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 2006-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാധാരണ തൊഴിലാളികൾക്ക് 60 വയസ്സുകഴിഞ്ഞാൽ അവരുടെ ക്ഷേമനിധി വിഹിതം തിരിച്ചുകിട്ടുന്ന സാഹചര്യമുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് അത് തിരിച്ചുകിട്ടുന്നില്ല. വളരെ പ്രയാസങ്ങളനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന വിവാഹ ധനസഹായവും ഇൻഷ്വറൻസ് പരിരക്ഷയും വർഷങ്ങളായി ലഭിക്കുന്നില്ല. 10 എച്ച്.പി.ക്കു മുകളിലുള്ള ഇൻബോർഡ് വള്ളങ്ങൾ ഒരു നിശ്ചിത കാലയളവിനുശേഷം മത്സ്യബന്ധനത്തിന് ഉപയോഗിക്കാൻ പാടില്ലെന്നുള്ള സുപ്രീംകോടതി വിധി പതിനായിരക്കണക്കിന് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ബാധിക്കുമെന്നതിനാൽ അവർക്കനുകൂലമായ വിധിയുണ്ടാകുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കാൻ എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. വൻകിടക്കാരായ കയറ്റുമതിക്കാരിൽനിന്നും സെസ്സ് പിരിച്ചെടുക്കുന്നതിൽ ഗവൺമെന്റ് ശുഷ്ക്കാന്തി കാണിക്കണം. സെസ്സ് പിരിക്കുന്നതിനായി ഇന്ന് നിലവിലുള്ള സംവിധാനത്തിൽനിന്നും ഒരാളെ അഡീഷണലായി ഉപയോഗപ്പെടുത്താമെന്നു പറയുന്നത് ശരിയല്ല. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ തുറമുഖവും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ധാരാളം കമ്മിഷനുകൾ വരുന്നുണ്ടെങ്കിലും അവർക്ക് തീരുമാനമെടുക്കാനുള്ള അധികാരമില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും മത്സ്യത്തൊഴിലാളികൾക്ക് ഗുണപരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടും നിയമനിർമ്മാണം നടത്തണം.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമവുമായി ബന്ധപ്പെട്ട ഈ ബില്ലിനെ അനുകൂലിക്കുന്നു. 1986-ൽ രൂപീകൃതമായ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികളുടെയും ബോട്ടുടമകളുടെയും വിഹിതവും കയറ്റുമതിക്കാരുടെ വിറ്റുവരവിന്റെ ഒരു ശതമാനം വിഹിതവും ഉപയോഗിച്ചാണ് പ്രവർത്തിച്ചുവരുന്നത്. സുപ്രീംകോടതി വിധിയെത്തുടർന്ന് ക്ഷേമനിധിയുടെ ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സായ കയറ്റുമതിക്കാരുടെ വരുമാനം കിട്ടാതെ വന്നപ്പോൾ ക്ഷേമനിധിയുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചു. മത്സ്യത്തൊഴിലാളി പെൻഷൻ, ഇൻഷ്വറൻസ്, വിവാഹം, പ്രസവം, വിദ്യാഭ്യാസം, മരണാനന്തര ചടങ്ങുകൾ എന്നിവയ്ക്കുള്ള സഹായം, ശ്രേഷ്ഠ മത്സ്യത്തൊഴിലാളി അവാർഡ് തുടങ്ങി 25-ലേറെ ക്ഷേമനിധി പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കിയിരുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഫലപ്രദമാകണമെങ്കിൽ ന്യായമായ വരുമാനം ഉണ്ടാകണം. അതിന് സെസ്സ് പിരിച്ചെടുക്കുന്നതിന് നിയമം കൊണ്ടുവരണം. വൻകിട കയറ്റുമതിക്കാർ തങ്ങളുടെ വിഹിതം അടയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ട്. ഏകദേശം 40 കോടി രൂപ ഈ ഇനത്തിൽ ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട്. ഈ തുക പിരിച്ചെടുക്കുന്നതിന് ഇത്തരത്തിൽ ഒരു നിയമനിർമ്മാണം അനിവാര്യമാണ്. മത്സ്യത്തൊഴിലാളികളെ സഹായിക്കാനാഗ്രഹിക്കുന്നവർ ഈ നിയമത്തെ പിന്താങ്ങുകയാണ് ചെയ്യേണ്ടത്. സുപ്രീംകോടതി വിധി വരുന്നതിനു മുമ്പുതന്നെ വൻകിട കയറ്റുമതിക്കാർ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് വിഹിതം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിരുന്നു. തുടർന്ന് ഇതിന്റെ ഭരണഘടനാസാധുത ചോദ്യം ചെയ്ത് മത്സ്യ കയറ്റുമതിക്കാർ

ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തപ്പോൾ കേസിന്റെ വാദം കേട്ട് തീർപ്പാക്കാൻ അന്നത്തെ യു.ഡി.എഫ്. സർക്കാരിന് താല്പര്യമുണ്ടായിരുന്നില്ല. അതിനുശേഷം വന്ന എൽ.ഡി.എഫ്. സർക്കാർ താല്പര്യമെടുത്തതിന്റെ ഫലമായി കയറ്റുമതിക്കാരുടെ വാദങ്ങൾ നിരാകരിച്ച് ഹൈക്കോടതി കേസുകൾ തള്ളുന്ന സ്ഥിതിയുണ്ടാക്കാൻ കഴിഞ്ഞു. മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തിന്റേയും മത്സ്യോല്പന്നങ്ങളുടേയും വിറ്റുവരവിൻ മേൽ സെസ്സ് ഏർപ്പെടുത്തുന്നത് ശരിയായ നിലപാടാണ്.

<u>ശ്രീ. ടി.എൻ.പ്രതാപൻ:</u> 2006-ലെ കേരള മത്സ്യത്തൊഴിലാളികളുടേയും അനുബന്ധതൊഴിലാളികളുടേയും ക്ഷേമസെസ്സ് ബില്ലിനെ തത്വത്തിൽ അംഗീകരിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുകൊണ്ടുവന്ന ഒരു ഓർഡിനൻസാണിത്. വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഈ ഓർഡിനൻസിലെ അപാകതകൾ പരിഹരിച്ച് കുറേക്കൂടി കുറ്റമറ്റതാക്കേണ്ടതുണ്ട്. നിർവ്വചനത്തിൽ ചില കൂട്ടിച്ചേർക്കലുകൾ ആവശ്യമാണ്. മത്സ്യകയറ്റുമതിക്കാരിൽനിന്നും സെസ്സ് പിരിക്കുന്നത് അര ശതമാനം എന്നത് ഒരു ശതമാനമാക്കി ഉയർത്തണം. വലിയ ഒരു ജനവിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടിയുള്ള കാര്യമായതുകൊണ്ട് രാഷ്ട്രീയത്തിനതീതമായ ഒരു സമീപനം ഇക്കാര്യത്തിൽ ആവശ്യമാണ്. സെസ്സ് അസ്സസ്സ് ചെയ്യേണ്ടതും പിഴ ചുമത്തേണ്ടതും ഫിഷറീസ് വകുപ്പിലെ അസിസ്റ്റന്റ് ഫിഷറീസ് ഡയറക്ടറുടെ തസ്തികയിൽ കുറയാത്ത ഒരാളും ക്ഷേമനിധി ബോർഡ് ചെയർമാനും കമ്മീഷണറും ഉൾപ്പെടുന്ന മൂന്നംഗ സമിതിയായിരിക്കണം. ഇതിന് ജനകീയസ്വഭാവമുണ്ടായിരിക്കണം. അല്ലെങ്കിൽ അഴിമതിയും തട്ടിപ്പും മൂലം ശരിയായ അസ്സസ്സ്മെന്റും റിട്ടേൺസും ഉണ്ടാകില്ല. കേന്ദ്ര സർക്കാർ

സുനാമി സ്പെഷ്യൽ അസിസ്റ്റൻസായി അനുവദിച്ച 1441.74 കോടി രൂപ ഫിഷറീസ് വകുപ്പിനു കൊടുക്കാതെ വിവിധ വകുപ്പുകളിലേയ്ക്ക് വകമാറ്റി ചെലവഴിക്കുന്നത് ശരിയല്ല. സുനാമി ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ കൊടുക്കുമെന്ന് പ്രഖ്യാപിച്ചതും മത്സ്യത്തൊഴി ലാളികളുടെ 33 ലക്ഷം രൂപയുടെ കടം എഴുതിത്തള്ളുമെന്ന് പറഞ്ഞിരിക്കു ന്നതും കേന്ദ്ര ഗവൺമെന്റിന്റെ സ്കീം പ്രകാരമാണ്. ഈ സ്കീമിൽ പണം അനുവദിച്ചിട്ടുള്ളത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊടുത്ത പ്രോപ്പോസലനുസരിച്ചാണ്. ദുരിതാശ്വാസം അനുവദിക്കുന്നതിന് അസ്സസ്മെന്റ് നടത്തുന്നത് ബോർഡ് ചെയർമാനും കമ്മീഷണറും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയായിരിക്കണം. മത്സ്യത്തൊഴിലാളി ക്ഷേമ നിധിയിലേയ്ക്ക് സെസ്സ് പിരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടിയിൽ ആവശ്യമായ മാറ്റം വരുത്തണം. സെസ്സ് പിരിച്ച് ധനകാര്യ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണമുള്ള സഞ്ചിതനിധിയിൽ അടച്ചാൽ ക്ഷേമ നിധിയിലേയ്ക്ക് യഥാസമയം ഫണ്ട് കിട്ടില്ല എന്നതിനാൽ ഇക്കാര്യത്തിൽ നിർബന്ധമായും മാറ്റം വരുത്തണം. പിരിക്കുന്ന പണം ക്ഷേമനിധി ബോർഡിൽ ആയിരിക്കണം വരേണ്ടത്. പിരിച്ചെടുക്കുന്ന തുകയുടെ അര ശതമാനം പിരിച്ചെടുക്കുന്നതിനുള്ള ഉദ്യോഗസ്ഥ ചെലവിലേയ്ക്ക് മാറ്റുന്നത് ഒഴിവാക്കാൻ ഫിഷറീസ് ഉദ്യോഗസ്ഥരെ വയ്ക്കാതെ വെൽഫയർ ഫണ്ട് ബോർഡിനെ ഏൽപ്പിച്ചാൽ ഒരു പൈസപോലും അധികം ചെലവാക്കേണ്ടി വരില്ല. ഈ തുക മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് ഉപയോഗിക്കാൻ സാധിക്കും. തീരദേശത്തെ 9 ജില്ലകളിലുമുള്ള മത്സ്യത്തൊഴിലാളി സംഘടനാപ്രതിനിധികളുമായി രാഷ്ട്രീയത്തിനതീതമായി വിശദമായി ചർച്ച

ചെയ്ത്, പോരായ്മകൾ നികത്തി ഈ ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കണം;. ഈ ബിൽ കുറ്റമറ്റതാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഈ ബില്ലിനെക്കുറിച്ച് പൊതുവായി ചിലത് പറയാം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന സന്ദർഭത്തിൽ ഇവിടെ പ്രകടമാക്കിയിട്ടുള്ള വികാരങ്ങളെ അടിസ്ഥാനമാക്കി ആവശ്യമായ ഭേദഗതികളോടുകൂടി ഇത് കുറ്റമറ്റ നിയമമാക്കുന്നതിനുവേണ്ടി വീണ്ടും നിയമസഭയിൽ കൊണ്ടുവരാം. ഈ ബില്ലിനുള്ള ഓർഡിനൻസ് കൊണ്ടുവന്നത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി തൊഴിലാളികൾക്ക് പൂർണ്ണ സംരക്ഷണം ലഭ്യമാക്കുന്ന തരത്തിൽ ഈ ബിൽ കുറ്റമറ്റതാക്കുക എന്നുള്ളതാണ് ഈ . സർക്കാരിന്റെ പൊതു സമീപനം. 2002 ഫെബ്രുവരി 1-ന് യു.ഡി.എഫ്. ഭരണകാലത്താണ് സുപ്രീം കോടതി ഭരണഘടനാ ബെഞ്ച് ഇതു സംബന്ധിച്ച വിധി പ്രസ്താവിച്ചത്. ഇതു സംബന്ധിച്ച ഹൈക്കോടതി വിധി വന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അന്ന് അറ്റോർണി ജനറലായിരുന്ന സോളി സൊറാബ്ജിയെ വച്ച് സുപ്രീം കോടതിയിൽ വാദിക്കണമെന്നായിരുന്നു എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തീരുമാനം. 2001 മേയിൽ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞതിനുശേഷം 2002 ഫെബ്രുവരിയിൽ വന്ന സുപ്രീം കോടതി വിധിയുടെ ഉത്തരവാദിത്വം യു.ഡി.എഫ്. സർക്കാരിനു തന്നെയാണ്. 'കോൺട്രിബ്യൂഷൻ' എന്നത് നിലനിൽക്കുന്നതല്ല എന്ന ഹൈക്കോടതി വിധി ശരിവയ്ക്കുകയാണ് സുപ്രീം

കോടതി ചെയ്തിരിക്കുന്നത്. സീനിയർ അഡ്വക്കേറ്റിനെ വച്ച് ശരിയായി വാദിച്ചില്ല എന്ന ആക്ഷേപം അന്ന് ഉയർന്നിരുന്നു. വ്യാപാരി എന്ന നിർവ്വചനത്തിൽ കയറ്റുമതിക്കാരെ ഉൾപ്പെടുത്തിയിരിക്കുന്നത് അവരിൽ നിന്ന് സെസ്സ് പിരിച്ച് യഥാർത്ഥ തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ്. സെസ്സ് അര ശതമാനത്തിൽനിന്നും ഒരു ശതമാനം ആക്കണമെന്ന കാര്യം സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്. യൂണിഫൈഡ് ട്രോളിംഗ് നിരോധനം എന്ന സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് മാറ്റാൻ സർക്കാരിനു സാധ്യമാവുന്നതെല്ലാം ചെയ്യുന്നതാണ്. അസസ്സിംഗ് ഉദ്യോഗസ്ഥരുടെ നിയമനം സംബന്ധിച്ച് സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സുനാമി ദുരിതാശ്വാസ സഹായത്തിനായി യു.ഡി.എഫ്. ഗവൺമെന്റ് സെൻട്രൽ പ്ളാനിംഗ് കമ്മീഷന് നൽകിയ പ്രൊപ്പോസലിൽ ഓരോ സെക്ടറിനുംവേണ്ടി അംഗീകരിച്ച പ്ളാൻ അലോക്കേഷനിൽ വനം വകുപ്പിന് 400 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ യഥാർത്ഥത്തിൽ തീരദേശ വനവൽക്കരണ ത്തിന് അത്രയും ആവശ്യമില്ലായിരുന്നു. തുടർന്ന് മുഖ്യമന്ത്രിയുടെ കീഴിലുള്ള സ്റ്റിയറിംഗ് കമ്മിറ്റി തീരദേശ വനവൽക്കരണത്തിനായി ഇതിൽനിന്നും 25 കോടി രൂപയാണ് റെക്കമെന്റ് ചെയ്തത്. ബാക്കി തുക തീരദേശ പുനരധിവാസത്തിനായി മാറ്റിവച്ചു. ആ അനോമലി പരിഹരിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. സുനാമി ദുരിതാശ്വാസ ഫണ്ട് വകമാറ്റി ചെലവഴിക്കാൻ അനുവദിക്കാതെ തീരദേശ വികസനത്തിനും പുരോഗതി ക്കുമായി ചെലവാക്കണമെന്ന നയമാണ് ഈ ഗവൺമെന്റിനുള്ളത്. ഫോറസ്റ്റ്, ഫിഷറീസ് ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന

'തീരവനം' പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ പുന്ന, കാറ്റാടി, കണ്ടൽക്കാടുകൾ എന്നിവ വച്ചുപിടിപ്പിക്കും. തീരപ്രദേശത്തെ ജനങ്ങളുടെ പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, പശ്ചാത്തല സൗകര്യങ്ങൾ, കുടിവെള്ളം തുടങ്ങിയ കാര്യങ്ങളിൽ പൂർണ്ണ ശ്രദ്ധപതിപ്പിക്കും. ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച നിരാകരണപ്രമേയവും സർവ്വശ്രീ പി. വിശ്വൻ, അബ്ദുറഹിമാൻ രണ്ടത്താണി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

2006–ലെ കേരള മൽസ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

**ഗവൺമെന്റ് പ്രമേയം**

ഇറാക്ക് മുൻ പ്രസിഡന്റ് സദ്ദാം ഹുസൈനെ തൂക്കിലേറ്റണമെന്ന കോടതി വിധി സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇറാഖ് മുൻ പ്രസിഡന്റ് സദ്ദാം ഹുസൈനെ തൂക്കിലേറ്റി കൊലചെയ്യാനുള്ള വിചാരണ കോടതി വിധി അപ്പീൽ കോടതി ശരിവച്ചിരിക്കുകയാണ്. സാമ്രാജ്യത്വ അധിനിവേശ സൃഷ്ടിയായ കോടതിയുടെ വിചാരണ പ്രഹസനങ്ങൾക്കൊടുവിൽ വിധിച്ച വധശിക്ഷ നടപ്പിലാക്കരുതെന്ന് പ്രമുഖ നിയമജ്ഞരും നിരവധി ലോക

നേതാക്കളും അഭ്യർത്ഥിച്ചിട്ടും അവയെല്ലാം അവഗണിച്ചുകൊണ്ടാണ് അപ്പീൽ കോടതി വധശിക്ഷ ശരിവച്ചത്.

സാമ്രാജ്യത്വ താൽപ്പര്യപ്രകാരമുള്ള ഈ നടപടി ഇറാഖിൽ സംഘർഷവും വംശീയ കലാപവും രൂക്ഷമാക്കാനാണ് ഇടവരുത്തുകയെന്ന് കഴിഞ്ഞ ദിവസങ്ങളിലെ സംഭവങ്ങൾതന്നെ വ്യക്തമാക്കുന്നുണ്ട്. ഒരു സ്വതന്ത്ര പരമാധികാര രാജ്യത്തെ കടന്നാക്രമിച്ച് പതിനായിരക്കണക്കിന് നിരപരാധികളെയും സ്ത്രീകളെയും കുട്ടികളെയുമടക്കം കൂട്ടക്കശാപ്പ് നടത്തിയ ദുഷ്ടശക്തികൾ പടച്ചുണ്ടാക്കിയ വിചാരണകോടതിയാണ് ഈ വിധി പ്രസ്താവിച്ചത് എന്നുള്ളത് അങ്ങേയറ്റം അപലപനീയമാണ്. സ്വതന്ത്രരാഷ്ട്രങ്ങളുടെ പരമാധികാരവും ലോക സമാധാനവും ആഗ്രഹിക്കുന്ന മുഴുവൻ രാഷ്ട്രങ്ങളും ജനങ്ങളും ഈ കിരാത നടപടിയെ അപലപിക്കുമെന്നുറപ്പുണ്ട്.

"സദ്ദാം ഹുസൈനെ തൂക്കിലേറ്റണമെന്ന വിധി നടപ്പിലാക്കരുതെന്നും അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കണമെന്നും ഈ സഭ ആവശ്യപ്പെടുന്നു. അതിനായി ആവശ്യമായ സമ്മർദ്ദം ചെലുത്താൻ ഇൻഡ്യാ ഗവൺമെന്റ് തയ്യാറാകണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഐകകണ്ഠേന അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> പ്രമേയത്തോട് പൂർണ്ണമായി യോജിക്കുന്നു. 'നിരവധി ലോക നേതാക്കൾ' എന്നതിനു മുൻപ് 'ഇൻഡ്യ ഉൾപ്പെടെയുള്ള' എന്നുകൂടി ചേർക്കണം.

മുഖ്യമന്ത്രി <u>(ശ്രീ.വി.എസ്.അച്ചുതാനന്ദൻ)</u>: അത് കൂടി ഉൾപ്പെടുത്തുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠേന അംഗീകരിച്ചു.

**അറിയിപ്പ്**

മി.സ്പീക്കർ: 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിന്റെ വകുപ്പു തിരിച്ചുള്ള ഭേദഗതിക്ക് നോട്ടീസ് നൽകേണ്ട അവസാന സമയം ഇന്ന് 5 മണി വരെയായിരുന്നത് 8 മണിവരെയായി ദീർഘിപ്പിക്കാൻ ബി.എ.സി. തീരുമാനിച്ചിട്ടുണ്ട്. അത് 8 മണി വരെ ദീർഘിപ്പിച്ചിരിക്കുന്നു.

സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.